(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി/പി7/2046/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട് ജില്ല കാര്യാലയം
ഫോൺ- 04952371012
ഇ-മെയിൽ;- dokkd.ksad@kerala.gov.in

തീയതി: 04.11.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കോരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റൻറ് ഡെവലപ്പ്മെൻറ് കമ്മീഷണർ (ജനറൽ) കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

Apz

നം കെഎസ്എ/കെകെഡി/പി7/2046/2017 തിയ്യതി:04.11.2017

## <u>കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ പി ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.10.2017 മുതൽ 25.10.2017. വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സബിത എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ പി ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഡാനിഷ് സെഡ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശോഭന ഒ പി | 01.04.2016. മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി.ഉഷ | 01.04.2016 മുതൽ 16.06.2016 വരെ |
| | ശ്രീ കെ മാധവൻ (ജോ. ബി ഡി ഒ) | 17.06.2016 മുതൽ 23.06.2016 വരെ |
| | ശ്രീമതി ജീനാബായ് കെ | 24.06.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എക്സി.എഞ്ചിനീയർ | ശ്രീ പി ഇബ്രാഹിം കുട്ടി | 01.04.2016. മുതൽ 30.04.2016 വരെ |
| | ശ്രീമതി സീനാ അലക്സ് | 01.05.2016. മുതൽ 15.11.2016 വരെ |
| | ശ്രീ ചന്ദ്രൻ സി | 16.11.2016. മുതൽ 15.02.2017 വരെ |
| | ശ്രീമതി ചിത്രാ വാസു | 16.02.2017. മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ശ്രീകാന്തി | 01.04.2016മുതൽ 31.03.2017 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ഷാജു കെ | 01.04.2016 മുതൽ 31.10.2016 വരെ |
| | ശ്രീമതി അനിത ടി കെ | 01.11.2016മുതൽ 31.03.2017 വരെ |
| അസി ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി.രേഷ്മ എൻ.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.ശാലിനി | 01.04.2016മുതൽ 31.03.2017 |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.സുമ പീറ്റർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,സി എച്ച് സി , തലക്കുളത്തൂർ | ഡോ.ഹമീദ് എൻ കെ | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,സി എച്ച് സി, നരിക്കുനി | ഡോ.സുരേഷ് കെ കെ | 01.04.2016 മുതൽ 31.03.2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 25.3.2017 തിയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2015 | 15.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,02,40,303 |
| വരവ് | 5,69,30001 |
| ആകെ | 9,71,70,304 |
| ചെലവ് | 7,72,79,602 |
| നീക്കിയിരിപ്പ് | 1,98,90,702 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 2,43,29,177 | 2,43,29,177 | 1,65,09,133 | 78,20,044 | 67.85 |
| വികസനഫണ്ട് എസ്.സി.പി. | | 1,34,99,433 | 1,34,99,433 | 90,85,135 | 44,14,298 | 67.30 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3,363 | 3,363 | 0 | 3,363 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 37,86,981 | 37,86,981 | 35,34,948 | 2,52,033 | 93.34 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 74 | 7,17,03,056 | 50 | 3,08,08,924 | 40 | 24 | 46 |

## 1-7 തനത് വരുമാനം.

ബ്ലോക്ക് പഞ്ചായത്തിന് പരാമർശിക്കത്തക്ക തനത് ഫണ്ട് വരുമാനം ഇല്ല.

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.9.2017- 28.9.2017 | 1.9.2016 to 30.6.2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2016- 28.12.2016 | 2011-12 to 2015-16 | LBA (HQ)V- I/8A-2544/187dtd 31.1.2017 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) TSC അക്കൗണ്ട് (കനറാ ബാങ്ക് അക്കൗണ്ട് നം- 1909101004380) 31.3.2017 ൽ പാസ്സ് ബുക്കിലെ നീക്കിയിരിപ്പ് 20,54,392 രൂപയാണെങ്കിലും, വാർഷിക ധനകാര്യ പത്രികയിൽ ഇത് 20,24,392 രൂപയാണ്. ( ഇത് 21.3.2017 ലെ നീക്കിയിരിപ്പ് ആണ്. )

2) IAY 2 അക്കൗണ്ട് (1909101026262) നീക്കിയിരിപ്പ് പാസ്സ് ബുക്ക് പ്രകാരം 280 രൂപ ഉണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ നീക്കിയിരിപ്പ് ഇല്ല.

3) താഴെ പറയുന്ന അക്കൗണ്ടുകളിലെ വരവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉള്ളത് രജിസ്റ്ററുകളിലെ വരവുകൾ, ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വന്ന വരവുകൾ എന്നിവ പരിഗണിച്ചുള്ള തുകയും തമ്മിൽ വ്യത്യാസ പ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ :-

| ക്രമ നം | ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|
| 1 | IAY | 40,20,000 | 77,67,436 |
| 2 | TSC | -- | 60,314 |
| 3 | Joint venture proj. GP | | 73,10,000 |
| 4 | " D P | 40,98,000 | 86,72,200 |

4) സ്റ്റേൽ ചെക്കിന്റെ ബാധ്യത എന്ന ഇനത്തിൽ 2,29,600 രൂപ വർഷാവസാനം ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഇത് ഏത് തരത്തിലുള്ള ബാധ്യതയാണെന്ന് വ്യക്തമല്ല.(ഷെഡ്യൂൾ B9)

5) മറ്റുള്ള ബാധ്യതകൾ എന്ന നിലയിൽ വർഷാവസാനം (B9) 52,13,316 രൂപ കാണിച്ചിട്ടുണ്ട്. ഇതിൽ ഓരോ ഇനവും ഐ എ വൈ യുമായി ബന്ധപ്പെട്ട ട്രാൻസാക്ഷൻ ആണ് കാണിച്ചത്. ഇത് ഏത് തരത്തിലുള്ള ബാധ്യതകൾ ആണെന്ന് വ്യക്തതയില്ല.

6) എടക്കര സൈഫൺ റോഡ് (പ്രൊജക്ട് നം 80/17) പദ്ധതിക്കായി 6,00,000 രൂപ കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷൻ എക്സി. എൻജിനിയറുടെ പേരിൽ ഡെപ്പോസിറ്റ് പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഇത് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

7) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം 30,000 രൂപ SGSY സ്കീമിൽ വരവായി വന്നിട്ടുണ്ട്. എന്നാൽ ഇത് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

8) അസി. എക്സി. എൻജിനിയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ ചെലവഴിക്കുന്ന വാറ്റ്, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ വാർഷിക ധനകാര്യ പത്രികയിൽ വന്നിട്ടില്ല.

9) സാംഖ്യ വരുന്നതിന് മുമ്പുള്ള ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾപരിഹരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അംഗീകൃത ലൈബ്രറികൾക്ക് പുസ്തകം നല്കൽ

പ്രോജക്റ്റ് - എസ്0069/17.

അടങ്കൽ - 1,50,000/-

ചെലവ്-1,50,000/-ബിൽനം - 520/0020124/4.3.2017.

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

കേരളാ ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ഗ്രാമസേവാ സമിതി വായനശാല ആന്റ് ലൈബ്രറി, പൂന്നശ്ശേരി തുടങ്ങി എ,ബി സി ഗ്രേഡുകളുള്ള 28 ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നല്കുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെചേർക്കുന്നു.

1)1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്172(1) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ വിവരിയ്ക്കുന്ന 4-ം പട്ടികയിലെ പൊതുവായ ചുമതലയിൽ ബ്ലോക്കു തലത്തിൽ സർക്കാർ - സർക്കാരിതര സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക. ഗ്രാമ പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നല്കുക, ആവർത്തനം ഒഴിവാക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ്, ഫോർവേഡ് ലിങ്കേജ് നല്കുക എന്നിവയാണ്.

11.1.2016 ലെ സ.ഉ.(എം.എസ്) നം-4/16 തസ്വഭവ മാർഗ്ഗ രേഖയിലെ ഭാഗം

4 ലെ വിദ്യാഭ്യാസമേഖലയിലെ11.6(viii) നിർദ്ദേശം അനുസരിച്ച് പഞ്ചായത്തുകളുടെയും, നഗരസഭകളുടെയും നിയന്ത്രണത്തിലുള്ള ലൈബ്രറികളുടെ സേവനംമെച്ചപ്പെടുത്തുന്നതിനു ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും കൈക്കൊള്ളണമെന്നാണ് നിർ ദ്ദേശിച്ചിട്ടുള്ളത്.

ആയതിനാൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതും, സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തതുമായ പ്രസ്തുത ഇനത്തിന് പ്രോജക്റ്റ് രൂപീകരിച്ച് നിർവ്വഹണം നടത്തിയതിന് അടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ പ്രസ്തുത പ്രോജക്ടിന് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുന്നു.

### 3-2 കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിയതിന് നടപടിക്രമം പാലിച്ചില്ല.

പ്രൊജക്ട് - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

പ്രൊജക്ട് നമ്പർ - 100/ 2017

അടങ്കൽ - 1,45,300 (വി ഫ- 1,44,300; സംരക്ഷണഗ്രാന്റ് നോൺ റോഡ്- 1000)

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ

ചെലവ്- 1,44,300/ - (ബിൽ നം- 19/16-17 dtd. 29.3.17- )

1000/- – (ബിൽ നം- 20/16-17 dtd. 29.3.17- )

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ഓഫീസിലേക്ക് കെൽട്രോണിൽ നിന്നുമാണ് ക്വട്ടേഷൻ ക്ഷണിക്കാതെ മേൽ തുകയ്ക്കുള്ള സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. വിശദാംശം ചുവടെ :-

| ക്രമ നം | വിവരണം | നിരക്ക് | തുക |
|---|---|---|---|
| 1 | Keltron- Desk top PC with intel core i3 processor | 46,500 | 93,000 |
| 2 | 1 KVA UPS- | 26,500 | 26,500 |
| 3 | Cannon LBP 6230 DN Printer | 12,900 | 25,800 |
| | Total | | 1,45,300 |

(ഇൻവോയ്സ് നം. KSEDC/CLT/PRO/16-17/992 dtd 25.3.2017) UPS ഫിറ്റ് ചെയ്തത് IGA Tech കോഴിക്കോട് എന്ന സ്ഥാപനമാണ് 3.6.2017 ന് ഇത് ഓഫീസിൽ സ്ഥാപിച്ചത്.

സ. ഉ (സാധാ) 3299/2016 തസ്വഭവ 2.12.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ കൂടാതെ സാധന സാമഗ്രികൾ സർക്കാർ/ അർദ്ധ സർക്കാർ ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് അടക്കം വാങ്ങാവുന്നതാണ്. എന്നാൽ ചില സ്ഥാപനങ്ങൾ സ്വകാര്യ സംരംഭകരിൽ നിന്നും സാധനങ്ങൾ വാങ്ങി ഇടനിലക്കാരായി പ്രവർത്തിക്കുന്നതിനാൽ ടെൻഡർ ഒഴിവാക്കി വാങ്ങുന്ന സാധനസാമാഗ്രികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയല്ലാത്ത സാധനങ്ങൾ നിർബന്ധമായും ടെൻഡർ മുഖേന വാങ്ങേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, കെൽട്രോൺ കമ്പ്യൂട്ടർ സ്വന്തമായി നിർമ്മിച്ചതാണോ എന്ന് വ്യക്തമായിട്ടില്ല. കൂടാതെ, UPS സ്ഥാപിക്കുന്നതിനായി IGA Tech എന്ന സ്ഥാപനത്തിനേയുമാണ് കെൽട്രോൺ നിയോഗിച്ചത്.

മേൽ ഉത്തരവ് പാലിക്കാതെ കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ടെൻഡർ ഇല്ലാതെ വാങ്ങിയതിന് മറുപടി നൽകേണ്ടതാണന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ, 27.3.2017 നാണ് പ്രോജക്ടുകൾ അംഗീകരിച്ചതെന്നും, വർഷം തീരാൻ 4 ദിവസം അവശേഷിക്കെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാലാണ് കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങിയതെന്നും, കൂടാതെ ഓഡിറ്റ് പരാമർശങ്ങളിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവിൽ വിതരണം ചെയ്യുന്ന സ്ഥാപനം 50% സാമാഗ്രികൾ സ്വന്തം നിർമ്മിച്ചവയും 50% മറ്റു സ്ഥാപനങ്ങളിൽ നിന്നും വാങ്ങി ഇൻസ്റ്റാൾ ചെയ്യാവുന്നതുമാണെന്ന് അന്വേഷണത്തിൽ മനസ്സിലായതെന്നുമാണ് സൂചിപ്പിച്ചത്.

മേൽ പറഞ്ഞ ഉത്തരവിൽ 50% സാമാഗ്രികളുടെ കാര്യം സൂചിപ്പിക്കാതെ വളരെ വ്യക്തമായാണ് ടെൻഡർ ഒഴിവാക്കി വാങ്ങാവുന്ന സാധനങ്ങൾ ഉത്തരവിൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ സ്വയം നിർമ്മിച്ചവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതെന്നും, അങ്ങനെയല്ലാതെയുള്ള സാധനങ്ങൾ നിർബന്ധമായും ടെൻഡർ മുഖേനയാണ് വാങ്ങേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ചെലവ് ചെയ്ത തുകയായ 1,45,300 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-3 ഹരിതകേദാരം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം – എസ്0072/17

അടങ്കൽ – 105140 വികസനഫണ്ട്(പൊതു വിഭാഗം)

– 65920/- ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിച്ചു)

– 171060/-

ബിൽ നം – CBBL0580165/16-17/31.3.2017

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് ഡയറക്ടർ, കൃഷി

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന കക്കോടി, ചേളന്നൂർ, കാക്കൂർ, നന്മണ്ട, നരിക്കുനി, തലക്കളത്തൂർ,എന്നീ ആറു പഞ്ചായത്തുകളിൽ ഗുണമേന്മയുള്ള പച്ചക്കറിതൈകളും മറ്റു നടീൽ വസ്തുക്കളും മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് രൂപകല്പന ചെയ്തതാണ് ഹരിതകേദാരം കാർഷിക നേഴ്സറി.പച്ചമുളക്,വഴുതന,തക്കാളി,വെണ്ട,പയർ, തുടങ്ങിയപച്ചക്കറി തൈകൾ 5000വീതം പോട്രേകളിലും പപ്പായ(റെഡ് ലേഡി) കറിവേപ്പില,കോവൽ, മുരിങ്ങ എന്നിവ3500കവറുകളിലും മൂന്നു തവണകളായി ജനവരി, ഫെബ്രുവരി,മാർച്ച് മാസങ്ങളിൽ ഉല്പാദിപ്പിച്ച്കർഷകർക്ക് വിതരണം ചെയ്യുന്നു. വിഷരഹിത പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും, ജനങ്ങളുടെ തൊഴിലും, വരുമാനവും വർദ്ധിപ്പിച്ച് ജീവിതനിലവാരം ഉയർത്തുന്നതാണ് പ്രോജക്ട് ലക്ഷ്യം.

ഹാജരാക്കിയ ഫയലിൽ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൺവീനർ വനിതാഗ്രൂപ്പ്, കക്കോടിയുടെ ഒരു കത്തുപ്രകാരം ഹരിതകേദാരം കാർഷിക നഴ്സറി ചേളന്നൂർ സർവ്വീസ് സഹകരണ ബാങ്ക് പരിസരത്ത് ആരംഭിച്ചതായും, പ്രോജക്ട് നടപ്പാക്കുന്നതിനായി പച്ചചകറിവിത്തുകളും മറ്റ് നടീൽ വസ്തുക്കളും , അനുബന്ധ സാമഗ്രികളും വാങ്ങിയതിന്റെ ബില്ലുകളും,നഴ്സറിയിലെ കാർഷിക പരിചരണവും,ജലസേചനവും 10പേർ അടങ്ങിയ വനിതാഗ്രൂപ്പ് നടത്തിയിട്ടുണ്ട് എന്നുള്ള കത്തും സമർപ്പിച്ച് ആയതിനു ചെലവായ 171568/- രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മുക്കം ആഗ്രോ ഏജൻസീസിന്റെ ക്യാഷ്ബില്ലു പ്രകാരം കോവൽവള്ളി, കറിവേപ്പില വിത്ത്, ചെടിമുരിങ്ങ വിത്ത് , പപ്പായവിത്ത് എന്നിവ മാത്രമാണ് വാങ്ങിയതായി കാണുന്നത്. കൂടാതെസീഡ് ലിംഗ് ട്രേകളും, പോളികവറുകളും മേൽ സ്ഥാപനത്തിൽ വാങ്ങിയിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും കീടനാശിനി, വെർമി കംപോസ്റ്റ്, കൊയർപിത്ത് എന്നിവയും, മറ്റുസാധനങ്ങൾ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതിന്റെയും ബില്ലുകൾ ഹാജരാക്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ മേൽസാമഗ്രികൾ സ്റ്റോക്കിലെടുത്തതിന്റെയോ, വിതരണം ചെയ്തതിന്റെയോ രേഖകളില്ല. മേല്പടി വനിതാഗ്രൂപ്പ് പ്രവർത്തിക്കുന്നു എന്ന് തെളിയിക്കുന്ന മിനുട്ട്സ്, വരവ്-ചെലവ് കണക്കുകൾ, വിറ്റു-വരവ് കാണിക്കുന്ന ബാങ്ക് പാസ്സ്ബുക്കുകളുടെ പകർപ്പുകൾ എന്നിവ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ, നിയമം172(1)-ാംഉപവകുപ്പിലെ4ാം പട്ടികയിൽ കൃഷിമേഖലയിലെ ചുമതലകളിൽ ഗ്രാമീണതലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക, ഗ്രാമീണതലത്തിലുള്ള പദ്ധതികൾക്കാവശ്യമുള്ള കാർഷികപ്രദർശനങ്ങൾ നടത്തുക, ബ്ലോക്ക്പഞ്ചായത്തിനുള്ളിൽവരുന്ന നീർമറികൾ പരിപാലിക്കുക,കാർഷിക വായ്പ സ്വരൂപിക്കുക, പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ്. ആയതു പ്രകാരം ആക്ടിലെ മറ്റുവ്യവസ്ഥകൾക്കും സർക്കാരിന്റെ നിർദ്ദേശങ്ങൾക്കും വിധേയമായി നാലാംപട്ടികയിൽ കൃഷിമേഖലയിലെ കാര്യങ്ങളുടെ പരിപാലനത്തിനും, അതിൽ പറയുന്ന വിഷയങ്ങളെ സംബന്ധിച്ച സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതിയ്ക്കും വേണ്ടിയുള്ളപദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും, ആണ്ബ്ലോക്ക് പഞ്ചായത്തിനു അധികാരമുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പാട്ടകൃഷി ചെയ്യുന്നതിന് സ്ഥലമുടമ നല്കിയിട്ടുള്ള സമ്മതപത്രം, കൃഷിചെയതിട്ടുണ്ടെന്ന കൃഷി ഓഫീസറുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ പച്ചക്കറിവിത്തുകൾ, പച്ചക്കറിതൈകൾ എന്നിവ സബ്സിഡി പാട്ടഭൂമിയിൽ കൃഷി നടത്തുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും, കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾക്കും നല്കാവുന്നതാണ്. എന്നാൽ ആനുകൂല്യം നല്കിയ വനിതാ ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ,നഴ്സറി നടത്തുവാനുള്ള ലൈസൻസ് എന്നിവ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥ പദ്ധതിപ്പണം ട്രഷറിയിൽ നിന്നു31.3.2017ന് CBBL0580165/16-17 പ്രകാരം 105140/- രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് വനിതാഗ്രൂപ്പിനു കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ സമർപ്പിച്ച മറുപടി തൃപ്തികരമല്ല. കൂടാതെ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുക നാളിതുവരെ ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നത്

12.04.2006 ലെ ജി.ഒ(പി)177/2006 ധനം 21.03.2015 ലെ ജി.ഒ(പി)119/2015 ധനം എന്നീ ഉത്തരവുകൾക്ക് വിരുദ്ധമാണ്. ആയതിനാൽ ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള 105140/- രൂപ 18% പലിശസഹിതം തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-4 അഗ്രോ സർവ്വീസ് സെന്ററിന് മെഷീൻ വാങ്ങൽ-സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല.

പ്രോജക്റ്റ് നം-എസ്0092/17

അടങ്കൽ-33897/- വികസനഫണ്ട്( ജനറൽ)

-6500/- ഗുണഭോക്തൃ വിഹിതം നേരിട്ട്.

40397/-

ബിൽ നം--CBBL0580146/16-17/31.3.17

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് ഡയറക്ടർ, കൃഷി

അഗ്രോ സർവ്വീസ് സെന്റർ മെച്ചപ്പെടുത്തുന്നതിനായി റെയ്ഡ്കോയിൽ നിന്നും .5എച്ച് പിയുടെ മോട്ടോർ സഹിതം ഉള്ള വിന്നോവർ വാങ്ങുന്നതായിരുന്നു പദ്ധതി ലക്ഷ്യം. സബ്സിഡി മാർഗ്ഗരേഖ 4/16/തസ്വഭവ/തീയതി-11.01.2016യിലെ മാനദണ്ഡങ്ങൾ3.1(7)പ്രകാരം കാർഷിക യന്ത്രങ്ങൾ വാങ്ങി സമിതികൾക്ക് നൽകുന്നതിന് ഗ്രാമ-ബ്ളോക്ക്-ജില്ലാപഞ്ചായത്തുകൾക്ക് സംയുക്തമായി പ്രോജക്റ്റ് തയ്യാറാക്കാവുന്നതാണ്. എന്നാൽ പ്രോജക്റ്റിന്റെ നിർവ്വഹണം ഗ്രാമപഞ്ചായത്തിനായിരിയ്ക്കുന്നതാണ്. സമിതിയുടെ കൺവീനർ ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസർ ആയിരിയ്ക്കേണ്ടതും, ചെയർപേഴ്സൺ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റും ആയിരിക്കേണ്ടതുമാണ്. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നല്കുന്നതിന്റെ വരവ് -ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്ത് തല സമിതി സൂക്ഷിയ്ക്കേണ്ടതാണ്. സമിതികൾ നേരിട്ടല്ലാതെ വാങ്ങിയ്ക്കുന്ന സംഗതികളിൽ യന്ത്രോപകരണങ്ങൾ നല്കുന്നതിനു മുൻപായി ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കേണ്ടതാണ്. കാർഷികോപകരണത്തിന്റെ ഉടമസ്ഥത തദ്ദേശഭരണസ്ഥാപന ത്തിനായിരിയ്ക്കുമെന്നും, വിൽക്കാനോ, കൈമാറ്റം ചെയ്യാനോ പാടില്ലാത്തതും, യന്ത്രങ്ങൾ ശരിയായി സംരക്ഷിയ്ക്കുമെന്നും പൊതുകാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും അവ നല്കപ്പെടുന്ന സ്ഥാപനവുമായി ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും കൂടാതെ സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 25% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കരാർവ്യവസ്ഥ വേണം, സമിതികൾക്ക്/സംഘങ്ങൾക്ക് നൽകുന്ന യന്ത്രോപകരണങ്ങളുടെ സംരക്ഷണചെലവ്, അറ്റകുറ്റപണികൾക്കുള്ള ചെലവ് എന്നിവ അവ ഏറ്റെടുക്കുന്നസമിതികൾതന്നെ വഹിക്കണം. 1994 ലെ പഞ്ചായത്ത് രാജ് ആക്ട്172ാംവകുപ്പ് നാലാം പട്ടികയിൽകൃഷി മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിനു ചെയ്യാവുന്ന ചുമതലകളിലും പ്രസ്തുതപ്രോജക്റ്റ് ഉൾപ്പെടുന്നില്ല. കൂടാതെ യന്ത്രോപകരണം വാങ്ങിയ റെയ്ഡ്കോയ്ക്കു തുക നല്കിയതിന്റെ രേഖകൾ, കൈപ്പറ്റു രസീത് കാർഷിക യന്ത്രോപകരണം സ്റ്റോക്കിലെടുത്തതിന്റെയോ, അഗ്രോസർവ്വീസ് സെന്ററിനു കൈമാറിയതിന്റെയോ രേഖകൾ, എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇത്തരത്തിൽ ഒരു പ്രോജക്റ്റ് മേൽ നിബന്ധനകൾ പാലിയ്ക്കാതെ നടപ്പാക്കാനുണ്ടായ കാരണം വ്യക്തമാക്കുവാനവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി പൂർണ്ണമായും തൃപ്തികരമല്ല. മറുപടിയിൽ പറയുന്ന പ്രകാരം അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം വിലയിരുത്തുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

പ്രോജക്റ്റ് നം-എസ്0023/17

അടങ്കൽ-69305/-മെയി.ഗ്രാന്റ് (റോഡിതരം)

ചെലവ്-59,600/- ബിൽനം-520/0020150/31.3.2017

സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിട്ടുള്ള ഈപദ്ധതിയിലെ അപാകതകൾ ചുവടെചേർക്കുന്നു.

9.3.2017,13.3.2017 എന്നീ തീയതികളിൽ ടെണ്ടർ,റീടെണ്ടർ എന്നിവ വിളിച്ചെങ്കിലും ആരും പങ്കെടുക്കാതിരുന്നതിനാൽ 13.3.2017 ൽ ക്വട്ടേഷൻ വിളിച്ചതായും ആയതിൽ മൂന്നു സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചതായും ആയതിൽ കുറവു ക്വാട്ട് ചെയ്ത m/sഇൻഫോസൈറ്റ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായും ഈ സ്ഥാപത്തിന് 24.3.2017ന് സപ്ലൈ ഓർഡർ നല്കിയതായും ഹാജരാക്കിയ ഫയലിൽ

കാണുന്നു.

13.3.2017ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ,13.3.2017 ന് മെഗാടെക് ഇൻഫോകോം എന്ന സ്ഥാപനവും,14.3.2017 ന് യോഹന കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനവും 22.3.2017 ന് ഇൻഫോസൈറ്റ് എന്ന സ്ഥാപനവും ക്വട്ടേഷൻ നല്കിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ച പത്രപ്പരസ്യം,ക്വട്ടേഷൻ പൊട്ടിച്ചതിന്റെ രേഖകൾ (ദിവസം, സമയം, എന്നിവ രേഖപ്പെടുത്തിയ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്) ഹാജരാക്കിയ ഫയലിൽ ഇല്ല. കുറവ് തുക ക്വാട്ട് ചെയ്തതായി തെരഞ്ഞെടുത്ത ഇൻഫോസൈറ്റ് എന്നസ്ഥാപനത്തിന്റെ ക്വട്ടേഷൻ നല്കിയതും, സാധനം വാങ്ങിയതിനുശേഷംസമർപ്പിച്ച ബില്ലും22.3.2017 ലെ ഇൻവോയ്സ് നം 1248 തന്നെയാണ്. പ്രസ്തുത സാധനങ്ങൾ വാങ്ങി വിതരണം ചെയ്തതിനു സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. മേലപാകതകൾക്കുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 59600/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 സാമൂഹ്യസുരക്ഷാ മിഷന് വിഹിതം നല്കൽ

പ്രോജക്റ്റ് നം – എസ്0096/17

അടങ്കൽ – 17,071/-

ചെലവ് – 17,071/- ബിൽ നം-520/0020171/31.3.2017

സാമൂഹ്യസുരക്ഷാമിഷന് 2016-17 വർഷം 17,071/-രൂപ നല്കിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രസീത് വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-7 ഭവന വായ്പ തിരിച്ചടച്ചില്ല

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ 2015-16 ഐ.എ.വൈ ഭവന വായ്പ വിഹിതം 17500/- രൂപ തിരിച്ചടക്കാനുള്ള അനുമതിക്കായി 19.09.16 ന് ശ്രീമതി.മറിയ ആട്ടാംപറമ്പിൽ, 13 വാർഡ് ,നരിക്കുനി എന്നവർ അപേക്ഷ നൽകുകയും 07.10.16 ലെ ഹൗസിംഗ് ഓഫീസറുടെ റിപ്പോർട്ടിനടിസ്ഥാനത്തിൽ 18 % പലിശ സഹിതം തുക തിരിച്ചടക്കുന്നതിന് 31.10.16 ന് ഡി. 629/16 നമ്പർ കത്ത് ഗുണഭോക്താവിന് അയക്കുകയുമുണ്ടായി. എന്നാൽ ഈ തുക തിരിച്ചടവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 4/16-17ന് ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 19.10.17ലെ ഡി.2551/16 നമ്പർ മറുപടിയിൽ 31.10.17നകം ഭവന വായ്പ പലിശ സഹിതം തിരിച്ചടക്കാം എന്ന് രേഖാമൂലം ശ്രീമതി.മറിയ ആട്ടാംപറമ്പിൽ, 13 വാർഡ്, നരിക്കുനി എന്നവർ മറുപടി നൽകിയതായി അറിയിച്ചിട്ടുണ്ട്. തിരിച്ചടവിൻെറ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 യാത്രബത്ത അപാകത

ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനത്തിൻെറ (കെ.എൽ.57.എഫ്.5474 നമ്പർ ) ലോഗ്ബുക്ക് പേജ് 259 ൽ 03.12.2015 നം പേജ് 272ൽ 15.01.2016 നം കൊളത്തൂർ മുതൽ കില വരെ (തിരിച്ചും) യഥാക്രമം 289കിലോമീറ്ററും 311 കിലോമീറ്ററും ഓടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസിഡന്റിന്റെ ടി.എ ബിൽ പരിശോധനയിൽ പ്രസ്തുത തീയ്യതികളിൽ ബസ്സ്,ഓട്ടോ,ട്രെയിൻ എന്നീ മാർഗ്ഗങ്ങളിലൂടെ 2033രൂപ വീതം ആകെ 4066രൂപ (ചെക്ക് നമ്പർ 1705739 ) നൽകിയതായി ഫയലിൽ കാണുന്നു. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 6/16-17ന് നൽകിയ മറുപടിയിൽ സ്പെഷൽ ടി.എസ്.ബി അക്കൗണ്ട് നമ്പർ 14/22ൽ 4066/-രൂപ 24/10/17ന് തിരികെ അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.

## 3-9 ത്രിവേണി ഡിപ്പാർട്മെന്റ് സ്റ്റോറിൽ നിന്നും നടപടിക്രമം പാലിക്കാതെ സാധനങ്ങൾ വാങ്ങി

പ്രീമെട്രിക്ക് ഹോസ്റ്റൽ ,കക്കോടി എന്ന സ്ഥാപനത്തിലേക്ക് പ്രൊജക്ട് നമ്പർ എസ് 0026/17 പ്രകാരം ഇലക്ട്രോണിക് സാധനങ്ങൾ ഗൃഹോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ /ടെണ്ടർ ഇല്ലാതെ ത്രിവേണി ഡിപ്പാർട്ട്മെൻെറൽ സ്റ്റോറിൽ നിന്നും വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇലക്ട്രിക് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. അപാകത പരിഹരിക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ 7/16-17 ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി

ലഭ്യമാക്കിയിട്ടില്ല.

## 3-10 ഒരേ പ്രവൃത്തിക്ക് വ്യത്യസ്ത നിരക്കിൽ ഓവർഹെഡ് ചാർജ് അനുവദിച്ചു

ബ്ലോക്കിൽ നിർവ്വഹിച്ച അധിക പ്രവൃത്തികൾക്കും വ്യത്യസ്ത നിരക്കിൽ ഓവർഹെഡ് ചാർജ് എസ്റ്റിമേറ്റിൽ തന്നെ വകയിരുത്തുകയും അതേ നിരക്ക് ഫൈനൽ ബിൽ നൽകുമ്പോൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡി എസ് ആർ പ്രകാരം 5% ഓവർ ഹെഡ് ചാർജും, ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിന് അനുസരിച്ച് 10 % ഓവർ ഹെഡ് ചാർജും നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ :-

| ക്രമ നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ്- |
|---|---|---|---|
| 1 | കക്കോടി പറമ്പിൽ കടവ് റോഡ് -43/17 | 6,00,000 | 5,98,441 |
| 2 | കൈറ്റേരിമുക്ക് - ആനോട്ട് പൊയിൽ റോഡ് - 37/17 | 9,00,000 | 8,41,800 |
| 3 | എടക്കര സൈഫൺ റോഡ്- 35/17 | 9,95,000 | 8,70,896 |

മുകളിൽ പറഞ്ഞ പ്രവൃത്തികൾക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ 10 % ഓവർ ഹെഡ് ചാർജും, ഡി എസ് ആർ പ്രകാരം 5% ഓവർ ഹെഡ് ചാർജും ആണ് നൽകിയത്. ഒരേ പ്രവൃത്തിക്ക് വ്യത്യസ്ത ഇനങ്ങൾക്ക് രണ്ട് തരത്തിലുള്ള ഓവർഹെഡ് ചാർജ് നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് മോർഡ്, കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഡി എസ് ആർ നിരക്കുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും, ഇതിൽ മോർഡ് സ്പെസിഫിക്കേഷന് 10% ഓവർഹെഡ് ചാർജും ഡി എസ് ആർ ന് 5% ഓവർഹെഡ് ചാർജും സംസ്ഥാന തലത്തിലാണ് ഈടാക്കുന്നതെന്നും അറിയിച്ചു.
വ്യത്യസ്ത നിരക്കിൽ ഓവർഹെഡ് ചാർജ് ഈടാക്കാതെ ഒരേ നിരക്കിൽ ഏകീകരണം നടത്തേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അധികം നൽകുന്ന ഓവർ ഹെഡ് ചാർജ് ഒഴിവാക്കേണ്ടതുമാണ്.

## 3-11 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പറയുന്ന കാരണം - റിവൈസ്ഡ് എസ്റ്റിമേറ്റിൽ പ്രതിഫലിക്കുന്നില്ല.

ചില പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി തുടങ്ങിയതിനു ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നുണ്ട്. എന്നാൽ ഇവയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പറയുന്ന കാരണം, പുതുക്കി തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ പ്രതിഫലിക്കുന്നില്ല.

കൈറ്റേരി മുക്ക് - ആനോട്ട് പൊയിൽ റോഡ് (പ്രൊജക്ട് നം- 37/17) എന്ന പ്രവൃത്തി 17.1.2017 ന് 104/16-17 തീരുമാനം പ്രകാരം ടെൻഡർ അംഗീകരിച്ചു. പ്രവൃത്തി തുടങ്ങിയതിനു ശേഷം അസിസ്റ്റന്റ് എക്സി. എൻജിനിയറുടെ അപേക്ഷ പരിഗണിച്ച് 13.3.2017 ൽ 123/16-17 ാം തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അംഗീകാരം നൽകി.

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ളകാരണം റോഡിൽ മഴക്കാലങ്ങളിൽ ഉറവ എടുക്കുവാൻ സാധ്യതയുള്ളതിനാൽ ജി എസ് ബി കൊടുത്ത് ബലപ്പെടുത്തേണ്ടതിനാൽ നിലവിൽ 3.20 മീ. വീതിയുള്ള എസ്റ്റിമേറ്റ് മാറ്റി 3 മീ വീതിയിൽ റോഡ് പ്രവൃത്തി ഏറ്റെടുത്ത് ചെയ്യുക എന്നതാണ്. എന്നാൽ, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 225.7 മീ നീളത്തിൽ 3.10 മീറ്റർ മുതൽ 3.40 മീറ്റർ വരെയുള്ള വീതിയിൽ ആണ് തയ്യാറാക്കിയത്.

അപാകതയ്ക്കുള്ള കാരണം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് എൻജിനിയർ സമർപ്പിച്ച മറുപടിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ ജി എസ് ബി കൊടുത്ത് ബലപ്പെടുത്തേണ്ടതിനാൽ വകയിരുത്തിയ തുക കുറയുമെന്നതിനാൽ ആണ് റോഡിന്റെ വീതി കുറക്കേണ്ടി വന്നതെന്നും, എന്നാൽ എം പി ഫണ്ട്

ലഭ്യമാക്കുക വഴി ഈ തുകയുടെ അഭാവം പരിഹരിച്ചെന്നും അങ്ങനെ വീണ്ടും റോഡിന്റെ വീതി കൂട്ടുകയുമാണ് ചെയ്തതെന്നും പറയുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലം സന്ദർശിക്കാത്തതിനാലാണ് ഉറവ എടുക്കുന്ന സ്ഥലമാണോ എന്ന് നേരത്തെ തന്നെ മനസ്സിലാക്കാൻ കഴിയാതെ പോയത്. അതിനാലാണ് ഇത് റിവൈസ് ചെയ്യേണ്ടി വന്നത്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-12 സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

തലക്കുളത്തൂർ മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പ്രൊജക്ട് നമ്പർ എസ്0090/17-എസ്റ്റാബ്ലിഷ് മെൻെറ് ഓഫ് ന്യൂ ഡെൻെറൽ യൂണിറ്റ്,പ്രൊജക്ട് നമ്പർ എസ് 0030/17-ഡിജിറ്റലൈസേഷൻ ഓഫ് എക്സ്റേ യൂണിറ്റ് ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻെറ്, പ്രൊജക്ട് നമ്പർ എസ്0087/17-ഫുള്ളി ഓട്ടോമാറ്റിക്ക് ബയോകെമിസ്ട്രി അനലൈസർ തുടങ്ങിയവയുടെ ഫയൽ പരിശോധനയിൽ പ്രൊജക്ടുകളുടെ ആവശ്യകതാ സാക്ഷ്യപത്രം, തലക്കുളത്തൂർ സി.എച്ച്.സി യിൽ പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിനവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം, പ്രസ്തുത യൂണിറ്റുകൾ സ്ഥാപനത്തിൽ സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണകുറിപ്പ്5/16-17ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇറിഗേഷൻ | എടക്കര സൈഫൺ റോഡ് 80/17 | ബിൽ നം. 287/16-17 dtd 28.3.2017 | 6,00,000 | 0 | 6,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1995-96 | 3-19 | 1999 | 43 | എയ്ഡഡ് സ്കൂളുകൾക്ക് ധനസഹായം |
| 2003-04 | 3-3എ,ബി | 2005-06 | 70 | എസ്.ജി.ആർ വൈ റോഡുകൾക്ക് അധിക നിരക്ക് നൽകി. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,69,30,001 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,72,79,602 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,05,140 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,05,868 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 1,05,140 | ശ്രീമതി.രേഷ്മ.എൻ.ആർ അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,50,000 | ശ്രീമതി.ജീനാബായ്. കെ, സെക്രട്ടറി |
| 3-2 | 1,45,300 | ശ്രീമതി ചിത്രാ വാസു- അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എൻജിനിയർ |
| 3-4 | 33897 | ശ്രീമതി.രേഷ്മ എൻ.ആർ അസിസ്റ്റൻറ് ഡയറക്ടർ കൃഷി |
| 3-5 | 59,600 | ശ്രീമതി ജീനാബായ് കെ സെക്രട്ടറി- |
| 3-6 | 17071 | ശ്രീമതി ജീനാബായ് കെ സെക്രട്ടറി- |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽ വിലാസം |
|---|---|---|
| ശ്രീമതി.രേഷ്മ.എൻ.ആർ (അസിസ്റ്റന്റ് ഡയറക്ടർ, കൃഷി) | (അസിസ്റ്റന്റ് ഡയറക്ടർ, കൃഷി) കാക്കൂർ | പള്ളിപ്പറമ്പിൽ ഹൗസ് വട്ടോളി ബസാർ.പി.ഒ ബാലുശ്ശേരി – 673 612 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96,96-97, 97-98 | എൽ.എഫ്.കെ.കെ.ഡി പി7/764/10 തി.07.08.10 | 1 – CAR | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി പി7/765/15(1) തി 05.05.15 | 1 | |
| 1999-00 | എൽ.എഫ്.കെ.കെ.ഡി പി7/116/15(2) തി 06.07.12 | 3 | |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി പി7/126/15(1) തി 05.05.15 | 1 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി പി7/1369/11 തി 13.02.12 | 2 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി പി7/116/15(3) തീ.05.05.15 | 3 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി പി7/116/15(4) തീ.05.05.15 | 2 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി പി7/116/15(5) തീ.5.5.15 | 15 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി പി7/116/15(6) തീ.05.05.15 | 5 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി പി7/116/15(7) തീ.05.05.15 | 3 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി പി7/225/16(1) തീ.11.07.17 | 5 | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി പി7/116/15(9) തീ.05.05.15 | 4 | |
| 2011-12 | എൽ.എഫ്.കെ.കെ.ഡി പി7/2215/16 തീ.11.07.17 | 2 | |
| 2012-13 | എൽ.എഫ്.കെ.കെ.ഡി പി7/808/16 തീ.03.06.17 | 3 | |
| 2013-14, 2014-15 | കെ എസ് എ/കെ കെ ഡി പി7/729/17 തീ.17.05.17 | 17 | |
| 2015-16 | കെ എസ് എ/കെ കെ.ഡി 424/17 തീ.20.03.17 | 17 | |

ജോയിൻറ് ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി7/2046/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012
തീയതി.04.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിൻെറ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി

ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No. KSA KKD/P7/2046/17

Kerala State Audit Department,
District Audit Office,Civil station, Kozhikode
Phone:04952371012
Email:- dokkd.ksad.kerala.gov.in
Dated:04.11.207

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chelannur Block Panchayat in Kozhikode District for the year ended on 31-03-2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statement of Chelannur Block Panchayat for the year 2016-17 except the observations in My audit report properly presents the picuture of income and expenditure.

Joint Director

KERALA STATE AUDIT DEPARTMENT.